**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 603** **24-08-2022 - ൽ മറുപടിയ്ക്ക്**

**ചെറുകിട ഉൽപ്പന്ന വിപണനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ചെറുകിട സംരംഭകർക്ക് അവരുടെ ഉത്പന്നങ്ങൾ വില്പന നടത്തുന്നതിനും കയറ്റുമതി ചെയ്യുന്നതിനുമായി വാണിജ്യ രംഗത്ത് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്ത് ചെറുകിട സംരംഭകർക്ക് അവരുടെ ഉത്പന്നങ്ങൾ വില്പന നടത്തുന്നതിനും കയറ്റുമതി ചെയ്യുന്നതിനും, വാണിജ്യ മേഖലക്ക് ആകർഷകമായ പ്രതിച്ഛായ സൃഷ്ടിക്കുന്നതിനും അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും വിപണന സാധ്യതതയും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്നു. ബി ടു ബി വെബ് പോർട്ടൽ, വാണിജ്യ മിഷൻ, വ്യാപാർ (ബി ടു ബി മീറ്റ്), എക്സ്പോർട്ട് പ്രൊമോഷൻ പദ്ധതി എന്നിവ ഇതിൽ ഉൾപ്പെടുന്നു. കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്ത മാക്കുന്നതിനും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി Open Network for Digital Commerce (ONDC) യുമായി ചേർന്ന് ഒരു ഒപ്പൺ നെറ്റ് വർക്ക് പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.<br><br>**ബി2ബി വെബ് പോർട്ടൽ**<br><br>കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന സൂക്ഷമ ചെറുകിട ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതക്കായി വ്യവസായ വകുപ്പിനുവേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെബിപ്പ്) മുഖേന ഓൺലൈൻ വ്യാപാരത്തിനായുള്ള |

സംവിധാനമായി ഒരു വെബ്പോർട്ടൽ (www.keralamarket.com / www.keralamarket.org/ www.keralamarket.kerala.gov.in) രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പ് രൂപീകരിച്ച ഈ വെബ്പോർട്ടൽ സംസ്ഥാനത്തെ സൂക്ഷ ചെറുകിട ഉൽപ്പാദകർക്ക് ദേശീയ അന്തർദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെകുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുവാനും സഹായകമാകും.

**<u>വാണിജ്യ മിഷൻ</u>**

കേരള ബ്രാൻഡ് നടപ്പിലാക്കി ഉൽപ്പന്നങ്ങൾ യാഥാർത്ഥ്യമാക്കുവാനും അത് വഴി ഉൽപ്പാദനവും വിപണനവും കാര്യക്ഷമമാക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്. G.O.(Rt) No. 1329/2018/ID തീയതി 03/12/2018 പ്രകാരം രൂപീകരിച്ച വാണിജ്യ മിഷൻ G.O.(Rt) No. 935/2021/ID തീയതി 01/09/2021 പ്രകാരം പുനസംഘടിപ്പിച്ചിട്ടുണ്ട്.

**<u>ബിസിനസ്സ് 2 ബിസിനസ്സ് മീറ്റ് – വ്യാപാർ</u>**

കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് (MSME) ദേശീയ തലത്തിൽ പുതിയ വിപണി കണ്ടെത്തുവാനായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ബിസിനസ്സ് മീറ്റായ “വ്യാപാർ 2022” സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും ഭക്ഷ്യ സംസ്കരണം, കൈത്തറി, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബർ, ആയുർവേദ&ഹെർബൽ, ഇലക്ട്രിക്കൽ&ഇലക്ട്രോണിക്സ്, കരകൗശലം, മുള പോലുള്ള പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങൾ എന്നിവയിൽ നിന്നുള്ള ചെറുകിട ഉൽപ്പാദകർ അവരുടെ ഉൽപ്പന്നങ്ങളും സാങ്കേതിക വിദ്യയും ഈ അവസരത്തിൽ പ്രദർശിപ്പിക്കുന്നു. കേരള ബിസിനസ്സ് 2 ബിസിനസ്സ് മീറ്റ് നടത്തുന്നതിന്റെ പ്രധാന ഉദ്ദേശം സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായികൾക്ക് നേരിട്ട് രാജ്യത്തിനകത്ത് നിന്നുമുള്ള ബയർമാരുമായി വ്യാപാര ചർച്ചകൾ നടത്തുന്നതിനുള്ള അവസരം ഒരുക്കുകയാണ്. കൂടാതെ കേരളത്തിലെ സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും, സാങ്കേതികപരമായി പുരോഗമനം കൈവരിക്കുന്നതിനുമായി ദേശീയ അന്തർദേശിയ

| | | | |
|---|---|---|---|
| | | | ട്രേഡ് ഫെയറുകളിൽ സൂക്ഷ്മചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന പങ്കെടുപ്പിച്ചുവരുന്നു. ഇതിലൂടെ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുന്നതിനുമുള്ള അവസരം ലഭ്യമാകുന്നു.<br><br>**എക്സ്പോർട്ട് പ്രൊമോഷൻ പദ്ധതി**<br><br>പുതിയ സംരംഭങ്ങളുടെയും അതുപോലെ നിലവിൽ പ്രവർത്തിച്ചു വരുന്ന സംരംഭങ്ങളുടെയും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. വിപണനത്തിന്റെ ഭാഗമായി അന്താരാഷ്ട്ര വിപണന മേളകളിൽ പങ്കെടുക്കൽ, ഉത്പ്പന്നത്തിന്റെ മാതൃക വിദേശത്തേയ്ക്ക് അയക്കുക, കയറ്റുമതി ചെയ്യുന്നതിന്റെ ഭാഗമായി സംരംഭത്തിന്റെ നിലവിലുള്ള അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ, വിവിധ ഗുണമേന്മാ സെർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുക എന്നിവയുടെ ഭാഗമായി വരുന്ന വിവിധ ചെലവുകൾക്ക് സഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതി നടപ്പിലാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ